## ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം, തിരുവനന്തപുരം.

വിഷയം- ആ.വ.ഡ- ജീവനക്കാര്യം-ഫാർമസിസ്റ്റ് ഗ്രേഡ് 1 തസ്തികയിൽ നിന്നും ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന- 1. ഇ.എസ്3/8098/19/ആ.വ.ഡ, തിയതി, 17.08.2019.

2. ഇ.എസ്:3-32869/2020/ആ.വ.ഡ, തിയതി, 25.09.2020

### ഉത്തരവ് നം- ഇ.ഇ4-74791/2019/ആ.വ.ഡ, തിയതി, 07/01/2021

മേൽ പരാമർശം പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപ്പെട്ട സീനിയറായ ഫാർമസിസ്റ്റ് ഗ്രേഡ് 1 തസ്തികയിലെ ജീവനക്കാർക്ക് നിലവിലുള്ള ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് 30700-65400 എന്ന ശമ്പള സ്കെയിലിൽ റൂൾ 31 (എ) കെ.എസ്.&എസ്.എസ്. ആർ പ്രകാരം താൽക്കാലികമായി ഉദ്യോഗക്കയറ്റം നൽകി അവരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിയമിച്ചു കൊണ്ട് അനക്സർ പട്ടികയിൽ ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർമാരായി സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ട ജീവനക്കാർ രണ്ട് വർഷത്തെ കാലാവധിക്കുള്ളിൽ ഒരു വർഷത്തെ പരിവീക്ഷണകാലം പൂർത്തിയാക്കേണ്ടതാണ്. ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ അതാത് സ്ഥാപനങ്ങളിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പായി ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ നിലവിൽ ഇല്ലായെന്ന് സ്ഥാപനമേധാവി ഉറപ്പു വരുത്തേണ്ടതാണ്.

വിടുതൽ ചെയ്യുന്ന തീയതിയും ജോലിയിൽ പ്രവേശിച്ച തീയതിയും ഈ ഓഫീസിൽ യഥാസമയം അറിയിക്കേണ്ടതാണ്. പൊതുസ്ഥലം മാറ്റ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും ആയത് നിലനിൽക്കുന്നതിനാലും നിലവിൽ സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിച്ചിട്ടില്ല. കോവിഡ് 19 നിയന്ത്രണ പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായും ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയിൽ ചില ജില്ലകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് അവസാനിക്കുന്നതിനാലും നിലവിലുള്ള ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് സ്ഥാനക്കയറ്റ നടപടികൾ വേഗത്തിൽ നടപ്പാക്കിയ സാഹചര്യത്തിൽ മുമ്പ് സ്ഥാനക്കയറ്റം ലഭിച്ചവരുടെ സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കാതെ ഒഴിവുകൾക്കനുസൃതമായി ഫാർമസിസ്റ്റ് ഗ്രേഡ് 1 ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകി നിയമനം നൽകുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ പൊതുസ്ഥലംമാറ്റ നടപടികൾ നടക്കുന്ന വേളയിലും സീനിയറായ ജീവനക്കാരുടെ അപേക്ഷ പരിഗണിച്ച് ഉചിതമായ സ്ഥലം മാറ്റം നൽകുമ്പോഴും മേൽ വിവരിച്ച സ്ഥാനക്കയറ്റത്തെ തുടർന്നുള്ള ജില്ലകളിലെ/സ്ഥാപനങ്ങളിലെ നിയമനം പുന:പരിശോധനയ്ക്ക് വിധേയമായിരിക്കും.

തദവസരത്തിൽ ഇപ്രകാരം നടത്തപ്പെട്ട് ഉദ്യോഗക്കയറ്റത്തോടൊപ്പമുള്ള സ്ഥലംമാറ്റം താൽക്കാലികമായിരിക്കും. ടി നിയമനം ആവശ്യമെങ്കിൽ പുന:ക്രമീകരിക്കുന്നതും മറ്റു ജില്ലകളിലേയ്ക്ക് സ്ഥാപനങ്ങളിലേയ്ക്ക് പുനർനിയമനം നൽകുന്നതുമാണ്.

(ഒപ്പ്)
ഡോ.ബിന്ദു മോഹൻ
അഡീഷണൽ ഡയറക്ടർ(മെഡിക്കൽ)

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ

പകർപ്പ്

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
4. ഫയൽ/കരുതൽ ഫയൽ.

// ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

എ.എസ്

## PROMOTION OF PHARMACIST GR.I TO PHARMACIST STORE KEEPER

| Sl. No | Rank No. | Name & present station | PEN | Date of Birth | Promoted & Posted |
|---|---|---|---|---|---|
| 1 | 122 A | Smt.Minimol.V.V. FHC,Edayoor Malappuram | 302135 | | Taluk Hopital, Ranni, Pathanamthitta |
| 2 | 126 | Smt.Sushama.P. PHC Bharathanoor Thiruvananthapuram | 185978 | 12/03/1965 | THQH, Chirayinkeezhu, Thiruvananthapuram |
| 3 | 127 | Smt.G.Sreekumari GH Muvattupuzha Ernakulam | 236056 | 29/04/1967 | THQH Kothamangalam Ernakulam |
| 4 | 128 | Sri.Anil Chekavar CHC, Vettom Malappuram | 339758 | 24/04/1968 | TH, Thaliparambu Kannur |
| 5 | 129 | Sri.Harinath Kumar.O. PHC, Adoor, Kasargode | 329528 | 04/08/1969 | Govt.TATA Trust Hospital Kasargode |
| 6 | 130 | Sri.Suresh Kumar Peechamannil Govt.Mobile Dispensary, Nilambur, Malappuram | 314540 | 30/01/1965 | DMOH, Kannur |
| 7 | 131 | Sri.Dinesh.C.K. CHC, Cherpu Thrissur | 314457 | 21/04/68 | FW Store, DMOH Idukki |
| 8 | 132 | Sri.Rajesh.V.R. PHC, Kondazhy Thrissur | 315684 | 30/05/1973 | W&C Hospital Kozhikode |

s/d

DR.BINDU MOHAN
ADDITIONAL DIRECTOR (MEDICAL)

Forwarded

Superintendent